## പൊറ്റാണിക്കൽ കുഞ്ഞവറാൻ ഹാജി



**ജമാഅത്തെ** ഇസ്‌ലാമി അംഗമായിരുന്നു പി.കെ കുട്ടി എന്ന പൊറ്റാണിക്കൽ കുഞ്ഞവറാൻകുട്ടി ഹാജി (73).

ചെറുപ്പം മുതലേ പ്രസ്ഥാന പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. ജമാഅത്തിന്റെ പ്രഥമ അമീറായിരുന്ന ഹാജി സാഹിബ്, കൊടിഞ്ഞിയിലേക്കുള്ള തന്റെ (അവസാന) യാത്രാമധ്യേ അസുഖം ബാധിച്ച് ബെഞ്ചാലി പാടത്ത് വീണുകിടക്കുന്ന വിവരം കേട്ടറിഞ്ഞ് ഓടിയെത്തിയവരിൽ മുൻപന്തിയിലുണ്ടായിരുന്നത് പി.കെ കുട്ടിയായിരുന്നു.

*മാധ്യമ*ത്തിന്റെ പ്രഥമ ഏജന്റായിരുന്ന അദ്ദേഹം തന്റെ സന്തത സഹചാരിയായിരുന്ന ബൈക്കിൽ പരിസര പ്രദേശങ്ങളിൽ *പ്രബോധന*ത്തിന്റെയും പ്രസ്ഥാനത്തിന്റെയും സന്ദേശമെത്തിക്കുന്നതിൽ നിരതനായിരുന്നു. മറ്റുള്ളവർ ഏറ്റെടുക്കാൻ മടിച്ച പല കാര്യങ്ങളും ഒറ്റക്ക് ഏറ്റെടുത്ത് സന്തോഷപൂർവം ചെയ്ത് തീർക്കുമായിരുന്നു. ജീവിതാന്ത്യം വരെ ഐ.ആർ.ഡബ്ലിയുവിൽ സജീവ പ്രവർത്തകനായിരുന്നു. വശ്യമായ പുഞ്ചിരിയോടെ ജാതിമത ഭേദമെന്യേ ആരുമായും പരിചയപ്പെടുകയും സ്നേഹ ബന്ധം നിലനിർത്തുകയും ചെയ്തിരുന്ന പി.കെ കുട്ടി സാഹിബിന്റെ സുഹൃദ്ബന്ധം വലുതായിരുന്നു. യു.എ.ഇയിലും മസ്കത്തിലും അദ്ദേഹം ജോലി ചെയ്ത വേളയിൽ അവിടെയും ഇസ്‌ലാമിക പ്രവർത്തനത്തിൽ മുൻനിരയിലുണ്ടായിരുന്നു.

ചുള്ളിക്കുന്നിൽ മസ്ജിദ് നിർമിക്കാൻ മുൻകൈയെടുത്തത് കുട്ടി സാഹിബായിരുന്നു. പള്ളി കമ്മിറ്റി പ്രസിഡന്റും കൊടിഞ്ഞി ഐ.ഇ.സി ട്രസ്റ്റ് അംഗവും കൂടിയായിരുന്നു അദ്ദേഹം. ബിയ്യുട്ടി ഹജ്ജുമ്മ, സുലൈഖ എന്നിവർ ഭാര്യമാരും അബ്ദുൽ അസീസ്, മുഹമ്മദ് ശരീഫ് (ഇരുവരും യു.എ.ഇ) സഫിയ സുഹ്റ, ഫൗസിയ എന്നിവർ മക്കളുമാണ്.

**ഫാത്വിമാ സലാം, കൊടിഞ്ഞി**

## എം.എം അബ്ദുൽ മജീദ്



**കണ്ണൂർ** സിറ്റി ഹൽഖയിലെ പ്രവർത്തകനായിരുന്നു മരക്കാർ മൂപ്പന്റകത്ത് അബ്ദുൽ മജീദ്. അദ്ദേഹത്തിന്റെ സരസ ഭാഷണവും നിഷ്കളങ്കമായ പെരുമാറ്റവും ആരെയും ആകർഷിക്കുന്നതായിരുന്നു. സംഘടനാഭേദമന്യേ വലിയൊരു സുഹൃദ്‌വലയം അദ്ദേഹത്തിനുണ്ടായിരുന്നു. നല്ല വായനാപ്രിയനായിരുന്നു. ശ്രവണ മനോഹരമായ അദ്ദേഹത്തിന്റെ ബാങ്കുവിളി നാട്ടുകാർക്ക് ഏവർക്കും സുപരിചിതമായിരുന്നു.

**വി. ഹശ്ഹാശ്, കണ്ണൂർ സിറ്റി**

## സി.കെ നഫീസ



**വയനാട്** ജില്ലയിലെ പിണങ്ങോട് വനിതാ കാർക്കൂൻ ഹൽഖയിലെ സജീവ പ്രവർത്തകയായിരുന്നു. മർഹൂം സി.കെ മൊയ്തു ഹാജിയായിരുന്നു പിതാവ്. സരസമായ ശൈലിക്കുടമയായിരുന്നു അവർ. പ്രതിവാര യോഗങ്ങളിലും പ്രസ്ഥാനത്തിന്റെ ഇതര പരിപാടികളിലും മുടങ്ങാതെ പങ്കെടുക്കുമായിരുന്നു. രോഗാവസ്ഥയിലും പ്രാദേശിക തലത്തിൽ നടന്ന ഖുർആൻ സ്റ്റഡി സെന്റർ പരീക്ഷയിൽ പങ്കെടുത്ത് റാങ്ക് കരസ്ഥമാക്കിയിട്ടുണ്ട്. മരണ വീടുകൾ സന്ദർശിക്കുന്നതിലും രോഗികളെ പരിചരിക്കുന്നതിലും അതീവ തൽപരയായിരുന്നു. കൊടുവള്ളി സ്വദേശി സുബൈറാണ് ഭർത്താവ്. ഫിറോസ്, റിയാസ്, റസ്‌ല, റഫീസ് മക്കളാണ്.

**കെ.കെ മർയം പിണങ്ങോട്**

## കുഞ്ഞാലി



**കോഴിക്കോട്** മെഡിക്കൽ കോളേജിനടുത്ത് ഉമ്മളത്തൂരിലെ പാലക്കൽ കുഞ്ഞാലി(55) ഭൗതിക ജീവിതത്തോട് വിട വാങ്ങി. ഉമ്മളത്തൂരിൽ വർഷങ്ങളായി സംഘടിത ഫിത്വ്ർ സകാത്ത് സംഭരണവും വിതരണവും നടത്തിവരുന്നതിൽ നേതൃത്വപരമായ പങ്കുവഹിച്ച വ്യക്തിയായിരുന്നു കുഞ്ഞാലി. ആരുടെയും മുഖത്ത് നോക്കി, താൻ ശരിയെന്ന് കരുതുന്ന കാര്യങ്ങൾ തുറന്ന് പറയുന്ന പ്രകൃതം കുഞ്ഞാലിക്ക് മിത്രങ്ങളെ മാത്രമല്ല, എതിരാളികളെയും സമ്മാനിച്ചു. അദ്ദേഹത്തിന്റെ പല സംഘടിത പ്രവർത്തനങ്ങളും യാഥാസ്ഥിതിക മഹല്ല് നേതൃത്വത്തെ അലോസരപ്പെടുത്തി. ഹൃദയ സംബന്ധമായ രോഗങ്ങൾ അലട്ടിയിരുന്നിട്ടും മെഡിക്കൽ കോളേജിൽ 'കനിവ്' നടത്തുന്ന ഭക്ഷണ വിതരണത്തിൽ സൗജന്യ വളണ്ടിയർ സേവനം നടത്തുന്നതിൽ കുഞ്ഞാലി പ്രത്യേകം താൽപര്യമെടുത്തു. ഭാര്യ സുഹ്റ. ജംഷീർ, റുക്സാന, റുബീന, ഫർസാന, ആഇഷ, തസ്‌ലീന എന്നിവർ മക്കളാണ്.

**സി. മുഹമ്മദ് കോയ, പാലാഴി**

*അല്ലാഹുവേ, പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കേണമേ - ആമീൻ*